എമ്മാവൂസ്

# വചനദൂത്

Vol.26 / Issue -  41 / 13 April 2017

പെസഹാവ്യാഴം




ബ്ര. ജെറിൻ പുല്ലാട്ട്

പെസഹാ വ്യാഴം എന്ന ദിനം നമ്മുടെയൊക്കെ ജീവിതത്തിൽ ഒരു നല്ല ഓർമ്മയായി ഇടം പിടിച്ചിട്ടുള്ളതാണ്. പെസഹാ വ്യാഴാഴ്ചത്തെ കാലുകഴുകൽ ശുശ്രൂഷയും മറ്റു തിരുക്കർമ്മങ്ങളും, അതിനുശേഷം വീട്ടിൽ ചെന്നുള്ള പെസഹാ അപ്പം ഉണ്ടാക്കലും പിന്നെ കുടുംബാംഗങ്ങൾ ഒന്നിച്ചുള്ള പെസഹാ ഭക്ഷണവുമെല്ലാം കുഞ്ഞുനാൾ മുതലെ നമുക്കൊക്കെ ആനന്ദം പകരുന്ന അനുഭവങ്ങളാണ്. പഴയ നിയമത്തിൽ നാം കാണുന്ന പെസഹാ ഈജിപ്തിനെ ശിക്ഷിച്ചുകൊണ്ടും ഇസ്രായേൽ ജനങ്ങളെ വിമോചിപ്പിച്ചുകൊണ്ടും ദൈവദൂതൻ കടന്നുപോയതിനെ അനുസ്മരിപ്പിക്കുമ്പോൾ പുതിയ നിയമ പെസഹാ ദിവ്യകാരുണ്യമായി കൂടെ വസിക്കുന്ന ഈശോയെ നമുക്ക് കാണിച്ചു തരുന്നു. ഇന്നത്തെ സുവിശേഷ വായനയിൽ രണ്ട് വിശുദ്ധ ഗ്രന്ഥ ഭാഗത്തിലൂടെ നാം കടന്നുപോയി. രണ്ടു കാര്യങ്ങൾ നമുക്കിവിടെ കാണാം. സ്വന്തം ശിഷ്യരുടെ പാദങ്ങൾ കഴുകുന്ന ഈശോയും, സ്വന്തം ശരീരം ഭക്ഷണമായി നൽകുന്ന ഈശോയും. "ലോകത്തിൽ സ്വന്തമായുള്ളതിനെ അവൻ സ്നേഹിച്ചു അവസാനംവരെ സ്നേഹിച്ചു." (യോഹ 13:1) തനിക്ക് സ്വന്തമായുള്ളവരെ അവസാനം വരെ സ്നേഹിക്കുന്ന ഈശോയാണ് പെസഹാ വ്യാഴത്തിന്റെ കേന്ദ്രം. ഇന്നത്തെ സുവിശേഷ സന്ദേശത്തെ നമുക്ക് ഒറ്റവാക്കിൽ ചുരുക്കാം, "ദൈവം സ്നേഹമാണ്" (1 യോഹ 4:8).

ഈശോയുടെ സ്നേഹത്തെയും ശുശ്രൂഷാ മനോ

ഭാവത്തെയും വെളിപ്പെടുത്തുന്നതാണ് ഈശോ നടത്തിയ പാദം കഴുകൽ. പാലസ്തീനായിൽ പൊതുവെ പൊടിനിറഞ്ഞ അന്തരീക്ഷം കാണപ്പെട്ടിരുന്നതിനാൽ പുറത്തിറങ്ങി നടക്കുമ്പോൾ കാലിൽ പൊടി പറ്റുക സ്വഭാവികമായിരുന്നു. അതിനാൽ വീടുകൾക്കു മുമ്പിൽ കാൽ കഴുകാൻ വെള്ളം വയ്ക്കുന്ന ഒരു രീതി ഉണ്ടായിരുന്നു. ഇത് ഭവനത്തിലേയ്ക്ക് പ്രവേശിക്കുന്ന വ്യക്തിക്ക് ശുചിയായി അകത്തു കടക്കാൻ സഹായിച്ചിരുന്നു. കാൽ കഴുകാൻ വെള്ളം ഒഴിച്ചുകൊടുക്കുന്ന വ്യക്തിയെ താഴ്ന്ന ആളായി കരുതിയിരുന്നു. യേശുവും ശിഷ്യന്മാരും പ്രവേശിച്ച ഭവനത്തിന്റെ പടിയിലും ഇത്തരത്തിൽ കാൽകഴുകാൻ വെള്ളം വച്ചിരുന്നു. സാധാരണ ഏതാനും പേർ ഒരുമിച്ച് ഒരു ഭവനത്തിലേക്ക് പ്രവേശിക്കുമ്പോൾ കൂട്ടത്തിൽ ഒരാൾ മുന്നോട്ടുവന്ന് മറ്റുള്ളവർക്ക് കാൽ കഴുകാൻ വെള്ളമൊഴിച്ച് കൊടുക്കും. ഇങ്ങനെ വെള്ളമൊഴിച്ച് കൊടുക്കുന്ന വ്യക്തി കൂട്ടത്തിൽ താണനിലയുള്ളവനാകും. എന്നാൽ യേശുവും ശിഷ്യരും ഭവനത്തിൽ പ്രവേശിച്ചപ്പോൾ ആരും പരസ്പരം വെള്ളമൊഴിച്ച് കൊടുക്കാൻ തയ്യാറായില്ല. പന്ത്രണ്ടുപേരിൽ ആരും താണവനായി ഗണിക്കപ്പെടാൻ ഇഷ്ടപ്പെട്ടില്ല. ഗുരുവിന്റെ പാദം കഴുകാൻ വെള്ളമൊഴിച്ച് കൊടുക്കേണ്ട മര്യാദപോലും കാണിക്കാതെയും, സ്വന്തം കാൽ കഴുകാതെയും അവർ ഭവനത്തിൽ പ്രവേശിച്ചു. ഇതിനുള്ള കാരണം എന്താണെന്ന് പരിശോധിച്ചാൽ നമുക്ക് കാണാം. ജറുസലേമിലേയ്ക്കുള്ള യാത്രാ മദ്ധ്യേ അവർ സംസാരിച്ചിരുന്നത് തങ്ങളിൽ ആരാണ് വലിയവൻ എന്നതിനെക്കുറിച്ചാണ്. അവർ ഓരോരുത്തരും തങ്ങളെത്തന്നെ വലിയവരായി കണക്കാക്കി. എന്നാൽ ഈശോ അവർക്ക് പുതിയൊരു മാതൃക നൽകി-ഗുരു ശിഷ്യന്മാരുടെ പാദം കഴുകുന്നു.

ലോകത്തിൽ അന്നേവരെ ഒരു ഗുരുവും തന്റെ ശിഷ്യരുടെ പാദങ്ങൾ കഴുകിയിട്ടുണ്ടാവില്ല. ഈശോ ആഗ്രഹിക്കുന്നത് തന്റെ ശിഷ്യർക്കും തന്റെ സഭയിലെ എല്ലാവർക്കും ഈ എളിമയുടെയും സ്നേഹത്തിന്റെയും മനോഭാവം ഉണ്ടാവണം എന്നതാണ്. “നിങ്ങളുടെ ഗുരുവും കർത്താവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം. സഭയാകുന്ന കുടുംബത്തിൽ വളരേണ്ട ഭാവം സ്നേഹത്തിന്റെയും എളിമയുടെയും ആവണം, മറിച്ച് സ്ഥാനമോഹങ്ങളുടെയും, അധികാരമോഹത്തിന്റേതും ആകരുതെന്ന് ഈശോ പഠിപ്പിക്കുന്നു. ഈശോയിൽ ഉടലെടുത്ത സ്നേഹത്തിന്റെ ഈ ഭാവം എല്ലാവരേയും ഉൾക്കൊള്ളുന്നതായിരുന്നു. തന്നെ ഒറ്റിക്കൊടുക്കാനിരുന്ന യൂദാസിനോടുപോലും ഈശോ തന്റെ അഗാധമായ സ്നേഹം പ്രകടിപ്പിച്ചു. ഇതുപോലെ ഇന്നും സഭയെ വെറുക്കുന്നവരും സഭയ്ക്കെതിരെ പ്രവർത്തിക്കുന്നവരും, സഭയെ ഒറ്റിക്കൊടുക്കുന്നവരും നമുക്ക് ചുറ്റും ധാരാളം ഉണ്ട്. അവരേയും സ്നേഹിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും നമുക്ക് സാധിക്കണം. ഇന്ന് കേരളത്തിൽ കണ്ടുവരുന്ന ഒരു പ്രവണതയാണ് സഭയ്ക്കെതിരെ പ്രവർത്തിക്കുക എന്നത്. സഭയെ അവഹേളിക്കുന്ന ലേഖനങ്ങൾ, സഭയ്ക്കെതിരെ സോഷ്യൽ മീഡിയായിൽ നിറഞ്ഞു നിൽക്കുന്ന പോസ്റ്റുകൾ, സഭയെ താറടിച്ചുകാണിക്കുന്ന ചർച്ചകൾ ഇവയെല്ലാം നാം സ്ഥിരം കാണാറുള്ള കാഴ്ചകളാണ്. എന്നാൽ ഇവയ്ക്കൊക്കെ എതിരെ പ്രതികാര മനോഭാവത്തോടെ മുന്നോട്ടുപോയാൽ ഭൂമിയോളം താഴാൻ പഠിപ്പിച്ച ഈശോയുടെ പാദം കഴുകലിന്റെ അർത്ഥം നഷ്ടപ്പെടും. സഭയ്ക്കകത്തു നിന്നും പുറത്തു നിന്നും സഭയ്ക്കെതിരെ പ്രവർത്തിക്കുന്നവരെ സ്നേഹം കൊണ്ടും എളിമ കൊണ്ടും കീഴടക്കാൻ നമുക്ക് സാധിക്കണം. ദൈവം മനുഷ്യന്റെ പാദം കഴുകാൻ മാത്രം എളിമ കാണിച്ചെങ്കിൽ മനുഷ്യരായ നമുക്കും ഇതിന് സാധിക്കേണ്ടതല്ലേ?

അന്ത്യത്താഴ വേളയിലെ ഈശോയുടെ സ്നേഹത്തിന്റെ ഏറ്റവും മഹത്തായ അടയാളമാണ് നമ്മോടുള്ള സ്നേഹത്തെ പ്രതി തന്റെ തിരുശരീര രക്തങ്ങൾ പങ്കുവച്ചു നൽകുന്ന വിശുദ്ധ കുർബാന സ്ഥാപിച്ചത്. ലോകാവസാനം വരെ കൂടെ വസിക്കുന്ന ദൈവത്തിന്റെ രക്ഷാകര സ്നേഹമാണ് ദിവ്യകാരുണ്യം. യോഹന്നാൻ ശ്ലീഹാ വിശുദ്ധ കുർബാനയെ ‘ജീവന്റെ അപ്പം’ എന്ന് വിശേഷിപ്പിക്കുന്നു. കാരണം ഈ അപ്പം കൈക്കൊ

ള്ളുന്നവരുടെ അധരത്തിലും ഹൃദയത്തിലും അലിഞ്ഞു ചേർന്ന് അവന് ജീവൻ പകരാൻ കരുത്തുള്ളതാണ് ദിവ്യകാരുണ്യം. ദിവ്യകാരുണ്യത്തിന്റെ സവിശേഷ ഗുണങ്ങളായ എളിമയും സ്നേഹവും നമ്മുടെ ജീവിതത്തിലും പകർത്താൻ സാധിച്ചാൽ നമുക്കും ദിവ്യകാരുണ്യമായിത്തീരാൻ സാധിക്കും. ഏതെങ്കിലും നൊവേനകളോടൊ, അല്ലെങ്കിൽ വിശുദ്ധരുടെ തിരുശേഷിപ്പുകളോടോ തുലനം ചെയ്യാവുന്നതല്ല വിശുദ്ധ കുർബാനയും, ദിവ്യകാരുണ്യവും. അതിലുപരി തന്റെ സ്നേഹത്തിൽ നിന്നും നമുക്ക് പങ്കുവച്ചുതരുന്ന അവിടുത്തെ ശരീരമാണത്.

വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പ തന്റെ പ്രബോധനത്തിൽ ഇങ്ങനെ പഠിപ്പിക്കുന്നു. “ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രബിന്ദുവാണ് ദിവ്യകാരുണ്യം. സഭയുടെ ആത്മീയ സമ്പത്തു മുഴുവൻ ദിവ്യകാരുണ്യത്തിൽ ഉൾച്ചേർത്തിരിക്കുന്നു.” അതിനാൽ നമ്മുടെ ജീവിതങ്ങളും വിശുദ്ധ കുർബാനയിൽ കേന്ദ്രീകരിച്ച് രൂപപ്പെടുത്താൻ നമുക്ക് സാധിക്കണം. കൂടെകൂടെയുള്ള ദിവ്യകാരുണ്യ സ്വീകരണവും, ദിവ്യകാരുണ്യ ഭക്തിയും ഇതിനു നമ്മെ സഹായിക്കും. ശിഷ്യരുടെ പാദം കഴുകിയും ദിവ്യകാരുണ്യമായി തന്നെത്തന്നെ നൽകിയ ഈശോ തന്റെ അപരിമേയമായ സ്നേഹം വെളിവാക്കി. ഇന്ന് പെസഹാ വ്യാഴാഴ്ചത്തെ കർമ്മങ്ങൾക്ക് ശേഷം പുറത്തേയ്ക്കിറങ്ങുമ്പോൾ നമുക്ക് ജീവിക്കാനായി ഒരു കൽപ്പനയും കൂടി ഈശോ തരുന്നുണ്ട്. ഞാൻ പുതിയൊരു കൽപ്പന നിങ്ങൾക്കു നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്ക് പരസ്പര സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും.” (യോഹ 13:35,36) ഈശോ കാണിച്ച സ്നേഹത്തിന്റെ മാതൃക നമ്മുടെ കുടുംബങ്ങളിലും സമൂഹങ്ങളിലും വളർത്തുവാൻ നമുക്ക് കഴിയട്ടെ. ◆

